**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 371** **01-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി രൂപീകരിച്ച തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം പ്രകാരം ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>a. അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സുവരെ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ<br><br>b. പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശാദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ<br><br>c. അസുഖം അല്ലെങ്കിൽ അപകടം മൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം<br><br>d. അംഗഭംഗം അല്ലെങ്കിൽ അവശത മൂലം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ അവശതാ പെൻഷൻ<br><br>e. ഗുരുതരമായി രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സയ്ക്കായി സാമ്പത്തിക സഹായം<br><br>f. വനിതാ അംഗങ്ങളുടെയും പെൺമക്കളുടെയും വിവാഹം, വനിത അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം.<br><br>g. അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായം. |
| (ബി) | എത്ര തൊഴിലാളികളെയാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | 15 ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ